**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 43** **28-01-2026 - ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ വികസനത്തിന് ആവശ്യമായ വൈദ്യുതി, വെള്ളം, റോഡ്, റെയിൽവേ, തുറമുഖ സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത വ്യവസായങ്ങളുടെ സ്ഥാപനത്തിനും വിപുലീകരണത്തിനും തടസ്സമായി മാറുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ; | (എ) | സംസ്ഥാനത്ത് വ്യവസായ വികസനത്തിന് ആവശ്യമായ വൈദ്യുതി, വെള്ളം, റോഡ്, റെയിൽവേ, തുറമുഖ സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത വ്യവസായങ്ങളുടെ സ്ഥാപനത്തിനും വിപുലീകരണത്തിനും തടസ്സമായി മാറുന്നതായി വിലയിരുത്തിയിട്ടില്ല. വ്യവസായ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ രൂപീകരണത്തിൽ കേരളം മുൻപന്തിയിലാണ്. സംസ്ഥാനത്ത് വ്യവസായ പ്രവർത്തനത്തിന് അടിസ്ഥാന സൗകര്യങ്ങളോടെയുള്ള റെഡി-ടു-യൂസ് പ്ലാറ്റ്ഫോം കേരളത്തിലെ വ്യവസായ പാർക്കുകളിൽ ലഭ്യമാണ്. ഈ പാർക്കുകളിൽ വൈദ്യുതി, ജലലഭ്യത, റോഡുകൾ, ഡ്രെയിനേജ്, മാലിന്യ സംസ്കരണ സംവിധാനം എന്നിവ ഉറപ്പാക്കിയിട്ടുണ്ട്.<br><br>വൈദ്യുതി സുഗമമാക്കാൻ ആവശ്യമായ സബ്-സ്റ്റേഷനുകളും ഫീഡറുകളും കേരളത്തിലെ വ്യവസായ പാർക്കുകളിൽ തന്നെ സ്ഥാപിച്ചു വരുന്നു. ജലലഭ്യതയ്ക്കായി കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പ്രത്യേക വാട്ടർ സപ്ലൈ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. റോഡ്, റെയിൽ, തുറമുഖങ്ങൾ എന്നിവ സംയോജിപ്പിച്ചുകൊണ്ടാണ് വ്യവസായ ഇടനാഴികൾക്ക് രൂപം കൊടുത്തിട്ടുള്ളത്. |
| (ബി) | നിലവിലുള്ള റോഡ്, റെയിൽവേ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും പരിപാലനക്കുറവും കാരണം ഗതാഗത ചെലവ് വർധിക്കുകയും വ്യവസായ ഉൽപ്പാദന നിരക്ക് കുറയുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യവസായ മേഖലകളുമായി ബന്ധിപ്പിക്കുന്ന ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി | (ബി) | റോഡ്, റെയിൽവേ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും പരിപാലനക്കുറവും കാരണം ഗതാഗത ചെലവ് വർദ്ധിക്കുകയും വ്യവസായ ഉൽപ്പാദന നിരക്ക് കുറയുകയും ചെയ്യുന്ന സാഹചര്യം സംസ്ഥാനത്തിലില്ല. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവയുടെ വ്യവസായ പാർക്കുകളെ/എസ്റ്റേറ്റുകളെ ദേശീയ- |

| | | | |
|---|---|---|---|
| | സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | | സംസ്ഥാന പാതകളുമായി നേരിട്ട് ബന്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നിലവാരമുള്ള റോഡ് സൗകര്യവും ഉറപ്പാക്കിയിട്ടുണ്ട്. റോഡുകളുടെ പരിപാലനം ശക്തമാക്കാൻ ദീർഘകാല പരിപാലന കരാറുകളും നടപ്പിലാക്കി. സംരംഭകർക്ക് വേഗത്തിൽ വൻ മുതൽമുടക്കില്ലാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്ലഗ് & പ്ലേ വ്യവസായ ആശയത്തിന്റെ ഭാഗമായി നടപ്പിലാക്കിയ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ കേരളത്തിന്റെ വ്യവസായ മേഖലയിലെ പ്രത്യേകതയാണ്. വ്യവസായ മേഖലയ്ക്ക് അനുയോജ്യമായ രീതിയിൽ ഗതാഗത രംഗത്ത് മെച്ചപ്പെട്ട നവീകരണ/പുനർ നിർമാണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. വ്യവസായ പാർക്കുകളിൽ റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സംവിധാനം സ്ഥാപിച്ചിരിക്കുന്നതിലൂടെ ലോജിസ്റ്റിക്സ് പ്രവർത്തനങ്ങളെ നവീകരിച്ച് ഡിജിറ്റലൈസേഷന്റെ ഭാഗമാക്കുകയും ചെയ്തിരിക്കുന്നു. റെയിൽവേ സൗകര്യത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ റെയിൽ ഹെഡ്ഡുകൾ, ഗുഡ്സ് ഷെഡ്ഡുകൾ, കണ്ടെയ്നർ ടെർമിനലുകൾ എന്നിവ വ്യവസായ മേഖലകളോട് ചേർന്ന് വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ